**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3393** **04-08-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് ഭവന പദ്ധതിയിൽ ആകെ എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിച്ച് നൽകിയത്; ലൈഫ് ഭവന പദ്ധതി ആരംഭിച്ചതിന് ശേഷം ലഭിച്ച അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ലൈഫ് ഭവന പദ്ധതി പ്രകാരം 2020-2021 വരെ 2,62,131 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ലൈഫ് ഭവന പദ്ധതിയിൽ തുടർന്ന് ഭവന നിർമ്മാണത്തിന് അപേക്ഷ ക്ഷണിച്ചിട്ടുള്ളത് 2020-2021 കാലയളവിൽ മാത്രമാണ്. അപ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചപ്പോൾ 9,20,261 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| (ബി) | ലൈഫ് ഭവന പദ്ധതിയിലൂടെ വീടിനായി അപേക്ഷ നൽകി കാത്തിരിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും എന്നത്തേക്ക് വീട് അനുവദിക്കാനാകുമെന്ന് അറിയിക്കുമോ? | (ബി) | ഭവനരഹിതർക്കും, ഭൂരഹിതഭവനരഹിതർക്കും കിടപ്പാടം ഒരുക്കുക എന്നതാണ് ലൈഫ് മിഷനിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. അർഹരായ ഗുണഭോക്താക്കളെ നിയമാനുസൃത നടപടികളിലൂടെ കണ്ടെത്തി കിടപ്പാടം ഉറപ്പ് വരുത്തുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും കാര്യക്ഷമമായി നടന്നുവരികയും ചെയ്യുന്ന പ്രവർത്തനം ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ